**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 833** **06-12-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്ട്രേഷൻ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ക്ലാർക്ക് - എട്ട്, ഡ്രൈവർ – ഒന്ന്, ഓഫീസ് അറ്റൻഡന്റ് - ഒൻപത്, സി.എ – ഒന്ന്, പി.റ്റി.എസ് - ഒന്ന് എന്നിങ്ങനെ 20 താത്കാലിക നിയമനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 2022 ഒക്ടോബർ മാസം 12 പേർ മാത്രമാണ് സേവനത്തിൽ തുടരുന്നത്. ക്ലാർക്ക് - അഞ്ച്, ഓഫീസ് അറ്റൻഡന്റ് - നാല്, ഡ്രൈവർ – ഒന്ന് എന്നിവർക്കായി വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി ആകെ 2,63,168/- (രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി ഒരുനൂറ്റി അറുപത്തിയെട്ട്) രൂപ അനുവദിച്ചിട്ടുണ്ട്. ഇനി ഓഫീസ് അറ്റൻഡന്റ് - ഒന്ന്, പി.റ്റി.എസ് - ഒന്ന് എന്നിവർക്ക് ഒക്ടോബർ 2022-ലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകാനുണ്ട്. |
| (ബി) | ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ക്ലാർക്ക് - എട്ട്, ഡ്രൈവർ – ഒന്ന്, ഓഫീസ് അറ്റൻഡന്റ് - ഒൻപത്, സി.എ – ഒന്ന്, പി.റ്റി.എസ് - ഒന്ന് എന്നിങ്ങനെ 20 താത്കാലിക നിയമനങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ 2022 ഒക്ടോബർ മാസം 12 പേർ മാത്രമാണ് സേവനത്തിൽ തുടരുന്നത്. ക്ലാർക്ക് - അഞ്ച്, ഓഫീസ് അറ്റൻഡന്റ് - നാല്, ഡ്രൈവർ – ഒന്ന് എന്നിവർക്കായി വേതനവും മറ്റാനുകൂല്യങ്ങൾക്കുമായി ആകെ 2,63,168/- (രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി ഒരുനൂറ്റി അറുപത്തിയെട്ട്) രൂപ അനുവദിച്ചിട്ടുണ്ട്. ഇനി ഓഫീസ് അറ്റൻഡന്റ് - ഒന്ന്, പി.റ്റി.എസ് - ഒന്ന് എന്നിവർക്ക് ഒക്ടോബർ 2022-ലെ വേതനവും മറ്റാനുകൂല്യങ്ങളും നൽകാനുണ്ട്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ? | (സി) | 19 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും, പി.റ്റി.എസ് തസ്തികയിൽ കുടുംബശ്രീ മുഖേന ഒരു നിയമനവും നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ